**പതിനാലാം കേരള നിയമസഭ**

**പത്തൊമ്പതാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2432** **12-03-2020 ലെ മറുപടി**

<u>നബാർഡ് സഹായത്തോടെയുള്ള ജലവിഭവ വകുപ്പിന്റെ പദ്ധതികൾ</u>

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.പി.കെ. ശശി | | **ശ്രീ. കെ. കൃഷ്ണൻകുട്ടി**<br>(ജലവിഭവ വകുപ്പുമന്ത്രി) | |
| **(എ)** | 2019-20 സാമ്പത്തിക വർഷത്തിൽ നബാർഡ് സഹായത്തോടെ ജലവിഭവ വകുപ്പ് ഏതെല്ലാം പുതിയ പദ്ധതികളാണ് ഏറ്റെടുത്തിട്ടുള്ളതെന്ന് അറിയിക്കാമോ; | (എ)<br>&<br>(ബി) | 2019 – 20 സാമ്പത്തിക വർഷത്തിൽ 38.80 കോടി രൂപയാണ് ബഡ്ജറ്റിൽ NABARD – RIDF സ്കീമിൽ ഉൾപ്പെടുത്തി ഇൻലാൻഡ് നാവിഗേഷൻ & കുട്ടനാട് പാക്കേജിന് അനുവദിച്ചിരുന്നത്. കുട്ടനാട് താലൂക്കിലെ 7 പാടശേഖരങ്ങളുടെ പുറംബണ്ട് സംരക്ഷണത്തിനായുള്ള പ്രവൃത്തികളുടെ ഈ തുകയ്ക്കുള്ള DPR പരിഗണനയിലാണ്.<br>2019–20 സാമ്പത്തിക വർഷത്തിൽ ചീഫ് എഞ്ചിനീയർ ജലസേചനവും ഭരണത്തിനും കീഴിൽ ആകെ 61.674 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്.<br>GO(Rt)No.741/2019/ജവിവ 19/10/2019 പ്രകാരം ഭരണാനുമതി ലഭിച്ച പ്രവൃത്തികളും തുകയും താഴെക്കൊടുത്തിരിക്കുന്നു.<br>1) പാലക്കാട് ജില്ലയിലെ നെല്ലേപ്പിള്ളി ഗ്രാമപഞ്ചായത്തിൽ വളവുപാലത്ത് ചിറ്റൂർ പുഴക്ക് കുറുകെ റെഗുലേറ്ററിന്റെ നിർമ്മാണം - (2320.40 ലക്ഷം രൂപ)<br>2) പാലക്കാട് ജില്ലയിലെ വിളയൂർ പഞ്ചായത്തിൽ തൂതപ്പുഴക്കു കുറുകെ പാറക്കടവിൽ ചെക്ക്ഡാം നിർമ്മാണം - (860.00 ലക്ഷം രൂപ)<br>3) മലപ്പുറം ജില്ലയിലെ പൊന്നാനി താലൂക്കിൽ വെളിയംകോട് ഭാഗത്ത് ചെയിനേജ് 316.728 കി.മി-ൽ വെസ്റ്റ് കോസ്റ്റ് കനാലിൽ ലോക്ക് കം ബ്രിഡ്ജിന്റെ നിർമ്മാണം- (2987 ലക്ഷം രൂപ)<br>കേരള വാട്ടർ അതോറിറ്റിയുടെ മൂന്ന് പദ്ധതികളുടെ വിതരണശൃംഖല സ്ഥാപിക്കാനുള്ള പ്രവൃത്തികൾക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളത്.<br>1. പൂവാർ പഞ്ചായത്തിലേക്കും പഞ്ചായത്തിലെ ഫ്ളൂറൈഡ് ബാധിത പ്രദേശങ്ങളിലേക്കുമുള്ള കുടിവെള്ള വിതരണ പദ്ധതിയുടെ വിതരണ ശൃംഖല സ്ഥാപിക്കുന്ന പ്രവൃത്തി - 14.75 കോടി |
| **(ബി)** | ആകെ എത്രകോടി രൂപയുടെ പദ്ധതികളാണ് 2019-20 സാമ്പത്തിക വർഷത്തിൽ നബാർഡ് ഫണ്ട് ഉപയോഗിച്ച് ജലവിഭവ വകുപ്പ് പുതിയതായി നടപ്പിലാക്കുന്നത്; ഓരോ പ്രവൃത്തിയുടെയും അടങ്കൽ തുക എത്രയാണെന്ന് വ്യക്തമാക്കാമോ? | | |

| | | | |
|---|---|---|---|
| | | | രൂപ<br>2. വിതുര, തൊളിക്കോട് വില്ലേജുകൾക്ക വേണ്ടിയുള്ള സമഗ്രകുടി വെള്ള വിതരണ പദ്ധതിയുടെ വിതരണ ശൃംഖല സ്ഥാപിക്കുന്ന പ്രവൃത്തി - 31.5 കോടി രൂപ<br>3. കളക്കട പഞ്ചായത്തിൽ വിതരണ ശൃംഖല സ്ഥാപിക്കുന്ന പ്രവൃത്തി - 29.318 കോടി രൂപ<br><br>3/1/2018-ലെ G.O(Rt)No.7/2018/ WRD നമ്പർ ഉത്തരവ് പ്രകാരം 24 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയ പ്രവൃത്തിയായ കരുവന്നൂർ നദിക്ക് കുറുകെയുള്ള മുനയം റഗുലേറ്റർ കം ബ്രിഡ്ജിന്റെ നിർമ്മാണം' നബാർഡിന്റെ സഹായത്തോടെ ചീഫ് എഞ്ചിനീയർ, പദ്ധതി വിഭാഗം 2 ന്റെ കാര്യാലയത്തിനു കീഴിൽ നടത്തിവരുന്നു. ഈ പദ്ധതിയുടെ അടങ്കൽ തുക താഴെ പറയുന്നു.<br>സിവിൽ- രൂപ 13,74,05,124.30/- (പതിമൂന്നു കോടി എഴുപത്തിനാല് ലക്ഷത്തി അയ്യായിരത്തി ഒരുന്നൂറ്റി ഇരുപത്തിനാല് രൂപ മുപ്പത് പൈസ മാത്രം)<br>മെക്കാനിക്കൽ തുക- രൂപ 2,71,54,054/- (രണ്ട് കോടി എഴുപത്തിഒന്ന് ലക്ഷത്തി അമ്പത്തിനാലായിരത്തി അമ്പത്തിനാല് രൂപ മാത്രം)<br>ഇലക്ട്രിക്കൽ വർക്കിന്റെയും സ്ഥലം ഏറ്റെടുക്കേണ്ട തിന്റെയും അടങ്കൽ തുക വിലയിരുത്തി വരുന്നു. |

സെക്ഷൻ ഓഫീസർ